# ബിനാനിപുരം പോലീസ് സ്റ്റേഷൻ പരിധിയിൽ പ്രൊജക്റ്റ്തൗസന്റെ ഐസ് ( Project Thousand Eyes ) പദ്ധതിക്ക് തുടക്കമായി



എറണാകുളം റൂറൽ ജില്ലയെ സ്മാർട്ട് പോലീസിംഗ് സംവിധാനത്തിലാക്കുന്നതിന്റെ ഭാഗമായി എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി കെ. കാർത്തിക് IPS ആവിഷ്കരിച്ച് ജില്ലയിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതിയായ "പ്രൊജക്റ്റ്തൗസന്റെ ഐസ്"ന്( Project Thousand Eyes) ബിനാനിപുരം പോലീസ് സ്റ്റേഷൻ പരിധിയിൽ തുടക്കമായി.

പോലീസ് സ്റ്റേഷൻ പരിധിയിൽ വിവിധയിടങ്ങളിലായി ആദ്യഘട്ടത്തിൽ 44 CCTV ക്യാമറകളാണ് സ്ഥാപിക്കുന്നത്. ക്യാമറകളുടെ സ്വിച്ച്ഓൺ ഇന്ന് ( 01.02.2020 ) വൈകിട്ട് 5.00 മണിക്ക് ബിനാനിപുരം പോലീസ് സ്റ്റേഷനിൽ സംഘടിപ്പിച്ച ചടങ്ങിൽ വച്ച് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. കെ. കാർത്തിക് IPS നിർവ്വഹിച്ചു. ഉദ്ഘാടന ചടങ്ങിൽ ബിനാനിപുരം വെൽഫയർ അസോസിയേഷൻ പ്രസിഡന്റെ. ടി.ബി.സജീവ്കുമാർ അദ്ധ്യക്ഷത വഹിച്ചു, ആലുവ ഡി.വൈ.എസ്.പി ശ്രീ. ജി.വേണുവിനെ ചടങ്ങിൽ ആദരിച്ചു. ബിനാനിപുരം പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ ശ്രീ. എ.കെ.സുധീർ പ്രോജക്ട് അവതരിപ്പിച്ചു. കടുങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റെ ശ്രീമതി. രത്നമ്മ സുരേഷ്, ആലങ്ങാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റെ ശ്രീമതി. രാധാമണി ജയസിംഗ്, ബിനാനിപുരം വെൽഫയർ അസോസിയേഷൻ സെക്രട്ടറി പി.കെ.സാദാശിവൻപിള്ള, മറ്റ് ഭാരവാഹികളായ ശ്രീ. എം.എ.അബ്ദുൾ കരീം, ശ്രീ. കെ.രാജഗോപാലൻ എന്നിവർ സംസാരിച്ചു.

ജില്ലാ അസ്ഥാനത്ത് പ്രവർത്തിക്കുന്ന കമാന്റെ ആന്റെ കൺട്രോൾ റൂമിനു കീഴൽ റൂറൽ ജില്ലയാകെ CCTV നെറ്റ് വർക്ക് കേന്ദ്രീകൃത നിരീക്ഷണ സംവിധാനം ഉപയോഗപ്പെടുത്തിയും സബ്ബ് ഡിവിഷണൽ പോലീസ് ഓഫിസുകളിലും, പോലീസ് സ്റ്റേഷനുകളിലും നിരീക്ഷണ സൗകര്യം ഏർപ്പെടുത്തിയും ജില്ലയിൽ നടപ്പിലാക്കുന്ന പ്രൊജക്റ്റ്തൗസന്റെ ഐസ് ( Project Thousand Eyes ). പദ്ധതി പ്രകാരം ദിവസം മുഴുവൻ സാങ്കേതിക നിരീക്ഷണം സാധ്യമാകുന്നതിന് ഉയർന്ന റെസല്യൂഷനിലുള്ള CCTV ക്യാമറകൾ പ്രധാന ജംഗ്ഷനുകളിലും, പ്രധാന സ്ഥലങ്ങളിലും, സ്കൂൾ /കോളേജ് പരിസരങ്ങളിലും സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇങ്ങനെ സ്ഥാപിക്കുന്ന എല്ലാ ക്യാമറകളിൽ നിന്നുമുള്ള ദൃശ്യങ്ങൾ ജില്ലാ അസ്ഥാനത്തെ കമാന്റെ ആന്റെ കൺട്രോൾ റൂമിലുള്ള ഉദ്യോഗസ്ഥർ ദിവസം മുഴുവൻ നിരീക്ഷണ വിധേയമാക്കും.

കോർപ്പറേറ്റ് സാമൂഹ്യ ഉത്തരവാദിത്വം വഴി വിവിധ പൊതുമേഖലയിലെയും, സ്വകാര്യ മേഖലയിലെയും കമ്പനികൾ/ സ്ഥാപനങ്ങൾ, മൾട്ടി നാഷണൽ കോർപ്പറേഷൻസ്, പ്രമുഖ ഗവണ്മെന്റെഇതര സംഘടനകൾ മർച്ചന്റെഴ്സ് അസ്സോസിയേഷനുകൾ, റെസിഡൻസ് അസ്സോസിയേഷനുകൾ, കൂടാതെ മറ്റ് തൽപ്പര കക്ഷികൾ എന്നിവയുടെ സഹകരണത്തോടും പങ്കാളിത്തത്തോടും കൂടി ഈ പദ്ധതി ജില്ലയൊട്ടാകെ രണ്ട് ഘട്ടമായി നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്.